# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4346 — 24.10.2016 -ൽ മറുപടിക്ക്.

## റേഷൻ കാർഡ് പുതുക്കൽ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.എം.എം. മണി | മറുപടി<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) റേഷൻ കാർഡ് പുതുക്കി നൽകുന്നതിനുള്ള നടപടി അനന്തമായി നീണ്ടു പോകുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാർഡ് പുതുക്കൽ അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരി ക്കാമോ ? | (എ) 2013 ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കാൻ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാന തല റാങ്കിംഗ് നടത്തി കരട് പട്ടിക വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് ആധാർ ഉപയോഗിച്ച് ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തി അന്തിമ പട്ടിക പ്രസിദ്ധീ കരിക്കുന്നതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി 2017 മാർച്ച് മാസത്തിൽ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കാൻ തക്ക വിധത്തിലാണ് നടപടികൾ പുരോഗമിക്കുന്നത്. |

സെക്ഷൻ ഓഫീസർ